# തിരുവിതാംകൂർ ദേവസ്വം ബോർഡ്

## ലേല പരസ്യം

കരുനാഗപ്പള്ളി ഗ്രൂപ്പിൽ പെട്ട കുമ്പളത്ത് ശങ്കുപിള്ള മെമോറിയൽ ദേവസ്വം ബോർഡ് കോളേജ്,ഫിസിക്സ് ലാബിലെ ഉപയോഗ ശൂന്യമായ ലാബ് ഉപകരണങ്ങൾ ലേലം ചെയിതു മാറ്റുന്നതിന് 29-12-2021 ലെ തിരുവിതാംകൂർ ദേവസ്വം ബോർഡ് ഉത്തരവ് ROC No12219/21/M പ്രകാരം,മാവേലിക്കര എക്സിക്യൂട്ടീവ് എൻജിനിയർ ഓഫീസിലെ 22/03/2022ലെ 479-ാംനമ്പർ ലെറ്റർ പ്രകാരം 2022 മാണ്ട് ഏപ്രിൽ മാസം 6-തീയതി രാവിലെ 11.30 മണിക്ക് കുമ്പളത്ത് ശങ്കുപിള്ള മെമ്മോറിയൽ ദേവസ്വം ബോർഡ് കോളേജിൽ, ഫിസിക്സ് ഡിപാർട്ട്മെൻറ ലാബിൽ വച്ച് ലേലം നടത്തുവാൻ തീരുമാനിച്ചിട്ടുള്ളതാണ്. ലേലത്തിന് പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അന്നേ ദിവസം 11.30 നു മുന്പായി 1750/-രൂപ നിരത ദ്രവ്യം കെട്ടി വെച്ച് ലേലത്തിൽ പങ്കെടുക്കേണ്ടതാണ്. എല്ലാ പ്രവൃത്തി ദിവസങ്ങളിലും ഓഫീസ് സമയങ്ങളിൽ 5/4/2022 വരെ കരുനാഗപ്പള്ളി അസിസ്റ്റൻറ് എൻജിനിയർ ഓഫീസിൽ സീൽ ചെയ്ത കൊട്ടേഷനും സ്വീകരിക്കുന്നതാണ്.ലേല നടപടികൾക്കു ശേഷം സീൽ ചെയ്ത കൊട്ടേഷൻ തുറക്കുന്നതാണ്. ഇവയിൽ കൂടിയ തുകയ്ക്ക് ലേലം വിളിക്കുന്ന ആളിന്റെ പേരിൽ ലേലം ഉറപ്പിക്കുന്നതും ടിയാൻ ലേല തുകയുടെ 50% വും ലേലം പിടിക്കുന്ന മുഴുവൻ തുകയ്ക്കു 18% ജിഎസ്ടിയും അടക്കേണ്ടതാണ് .

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും ലേല അനുവാദം വന്നു വിവരം തെര്യപ്പെടുത്തുന്ന മുറക്ക് ബാക്കി തുക ഒന്നായി കെട്ടി വെച്ച് ലേല സാധനങ്ങൾ സ്വന്തം ചിലവിൽ കൊണ്ട് പോകേണ്ടതാണ്. കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്നയാളിന്റെ ഒഴിച്ച് മറ്റുള്ളവരുടെ നിരത ദ്രവ്യം ലേലം അവസാനിക്കുന്ന മുറക്ക് തിരികെ കൊടുക്കുന്നതാണ്.

ലേലത്തെ പറ്റിയുള്ള കൂടുതൽ വിവരങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡ് കരുനാഗപ്പള്ളി അസിസ്റ്റൻറ് എൻജിനീയർ ആഫീസിൽ നിന്നോ കുമ്പളത്ത് ശങ്കുപിള്ള മെമ്മോറിയൽ ദേവസ്വം ബോർഡ് കോളേജ്,ഫിസിക്സ് ഡിപാർട്ട്മെന്റിൽ നിന്നോ എല്ലാ പ്രവർത്തി ദിവസങ്ങളിലും ആഫീസ് സമയത്തും അറിയാവുന്നതാണ്.

ഈ ഡിപ്പാർട്ട്മെന്റിന്റെ നിലവിലുള്ള ചട്ടങ്ങൾ ഈ ലേലത്തിനും ബാധകമായിരിക്കും. ലേലം അനുവാദം ലഭിച്ച് 10 ദിവസത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കേണ്ടതാണ്. ലേലം സ്ഥിരപ്പെടുത്തിയതിനു ശേഷമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ഡിപ്പാർട്ട്മെന്റ് ഉത്തരവാദി ആയിരിക്കുന്നതല്ല. ലേലം സ്ഥിരപ്പെടുത്തുന്നതിനും നിരാകരിക്കുന്നതിനുമുള്ള അധികാരം ഡിപ്പാർട്ട്മെന്റിൽ നിക്ഷിപ്തമായിരിക്കും.

sd/-

അസിസ്റ്റൻറ് എൻജിനീയർ

30/03/2022 — തിരുവിതാംകൂർ ദേവസ്വം ബോർഡ്

കരുനാഗപ്പള്ളി — കരുനാഗപ്പള്ളി